**ക്രമപ്രശ്നം**

## ഭേദഗതി നൽകുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: സർ, 74 ഖണ്ഡങ്ങളുള്ള അതിവിപുലവും കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വളരെ പ്രാധാന്യമുള്ളതുമായ ഒരു ബില്ലാണ് സബ്ജക്റ്റ് കമ്മിറ്റി മുഖേന ഇവിടെ വന്നിട്ടുള്ളത്. എനിക്ക് ചട്ടപ്രകാരം ഭേദഗതി നൽകാൻ രണ്ട് പൂർണ്ണ ദിവസങ്ങൾ കിട്ടണം. ബഹുമാനപ്പെട്ട സ്പീക്കർ ചട്ടം 79 പരിശോധിക്കണം. "റിപ്പോർട്ട് സമർപ്പിച്ചതിനുശേഷമുള്ള നടപടിക്രമം- എന്നാൽ രണ്ട് പൂർണ്ണ ദിവസത്തേയ്ക്ക് അംഗങ്ങളുടെ ഉപയോഗത്തിനുവേണ്ടി റിപ്പോർട്ടിന്റെ പ്രതി ലഭ്യമാക്കിയിട്ടില്ലെങ്കിൽ, ഏതൊരംഗത്തിനും അത് അപ്രകാരം പരിഗണനയ്ക്കെടുക്കുന്നത് എതിർക്കാവുന്നതും റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുന്നതിന്, സ്പീക്കർ തന്റെ വിവേചനാധികാരം പ്രയോഗിച്ച് അനുവദിക്കാത്തപക്ഷം, അപ്രകാരമുള്ള എതിർപ്പ് നിലനിൽക്കുന്നതുമാണ്" . എന്റെ മുമ്പിൽ ഈ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് ഭേദഗതി കൊടുക്കാൻ രണ്ട് പൂർണ്ണ ദിവസമില്ല. രണ്ട് പൂർണ്ണദിവസം എനിക്ക് കിട്ടണമെന്നുള്ളത് ബഹുമാനപ്പെട്ട നിയമസഭ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ enshrine ചെയ്തിട്ടുള്ളതാണ്. അതുപ്രകാരം എനിക്ക് രണ്ടുദിവസം കിട്ടണം. പ്രത്യേകിച്ച് ഈ

നിയമത്തിൽ ഓരോ ഖണ്ഡത്തെ സംബന്ധിച്ചും സമഗ്രമായുള്ള പഠനവും ഭേദഗതികൾ കൊടുക്കാൻ സമയവും ആവശ്യമാണ്. പഠിക്കാൻ ഈ നിയമസഭയിലെ അംഗങ്ങൾക്ക് അവകാശമില്ലേ. പഠിച്ചിട്ട് ഭേദഗതി കൊടുക്കാൻ എവിടെയാണ് സമയം.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, അങ്ങ് പറയുന്നത് റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കുന്നതാണ്. ഇപ്പോൾ റിപ്പോർട്ട് സമർപ്പിച്ചിട്ടേയുള്ളൂ. റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കുന്നത് മറ്റന്നാളാണ്. റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കുന്നതല്ലേ അങ്ങയുടെ ക്രമപ്രശ്നം.

ശ്രീ. എ. കെ. ബാലൻ: അതെ, എപ്പോഴാണ് പരിഗണനയ്ക്ക് എടുക്കുന്നത്; എനിക്ക് ഭേദഗതി കൊടുക്കാൻ സമയം വേണ്ടേ?

മി. സ്പീക്കർ: അതിനെക്കുറിച്ച് പറയാം. റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കുന്ന സമയത്തെ കാര്യമാണ് അങ്ങ് ഉന്നയിക്കുന്നതെങ്കിൽ അത് മറ്റന്നാളാണ്. ഭേദഗതിക്ക് സമയം വേണമെന്നുള്ളതാണെങ്കിൽ അത് വേറെയാണ്. ഭേദഗതിക്ക് സമയം ആവശ്യപ്പെട്ടുകൊണ്ടാണോ അങ്ങ് സംസാരിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: റിപ്പോർട്ട് ഇപ്പോൾ മേശപ്പുറത്ത് വച്ചില്ലേ?

മി. സ്പീക്കർ: അതെ.

<u>ശ്രീ. എ. കെ. ബാലൻ</u>: റിപ്പോർട്ട് മേശപ്പുറത്ത് വച്ചാൽ ഞാൻ എപ്പോഴാണ് ഭേദഗതി കൊടുക്കേണ്ടത്?

<u>മി. സ്പീക്കർ</u>: അതിനെക്കുറിച്ച് ചെയർ പറയാം. ശ്രീ. എ.കെ. ബാലൻ ആവശ്യപ്പെട്ടത് 79(എ) അനുസരിച്ച് ഭേദഗതി നൽകാൻ രണ്ട് പൂർണ്ണ ദിവസം ലഭിക്കണമെന്നുള്ളതാണ്. അത് ചെയർ അംഗീകരിക്കുന്നു. ഈ ബിൽ ജൂലൈ 29-ാം തീയതി പരിഗണനയ്ക്ക് എടുക്കണമെന്ന കാര്യോപദേശക സമിതിയുടെ ശിപാശയുടെ അടിസ്ഥാനത്തിലാണ് സഭയിൽ ഇന്നിത് സമർപ്പിച്ചത്. ചട്ടം 79(എ) യിൽ തന്നെ ചെയറിന്റെ വിവേചനാധികാരം ഉപയോഗിച്ച് രണ്ട് പൂർണ്ണ ദിവസം എന്നുള്ളത് വേവ് ചെയ്യാനുള്ള അധികാരമുണ്ട്. ഈ ബില്ലിന്റെ കാര്യത്തിൽ ചെയർ പ്രസ്തുത ചട്ടം വേവ് ചെയ്തിട്ടുണ്ട്. ഈ ബില്ലിന് ഭേദഗതി നൽകുവാനുള്ള തീയതി ജൂലൈ 27 ആണെങ്കിലും അംഗങ്ങൾക്ക് പഠിച്ച് ഭേദഗതി നൽകുന്നതിനായി നാളെ (28-7-2015) രാവിലെ 11 മണി വരെ സമയം അനുവദിച്ചിട്ടുണ്ട് ...........(ബഹളം)......

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, തീയതി കാര്യോപദേശക സമിതി തീരുമാനിച്ചുവെന്നുള്ളത് ശരിയാണ്. നാളെ രാവിലെ 11.00 മണിയെന്നുള്ളത് വൈകുന്നേരം ആക്കിക്കൊടുത്താൽ അംഗങ്ങൾക്ക് സൗകര്യമായിരിക്കും. പുതിയ ബില്ലാണെന്നുള്ളത് കണ്ടുകൊണ്ട് ചെയർ കൂടുതൽ സമയം അനുവദിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, ഇതൊരു വലിയ ബില്ലാണ്. മറ്റന്നാൾ ഈ ബിൽ പരിഗണനയ്ക്ക് വരുമ്പോൾ എല്ലാ കാര്യങ്ങളും തീരുമാനിക്കണ്ടേ. അത് മനസ്സിലാക്കണം .......(ബഹളം)......

ശ്രീ. എ. കെ. ബാലൻ: സർ, 75 ഖണ്ഡങ്ങളുള്ള വലിയ ബില്ലാണ്. നാളെ രാവിലെ 11.00 മണിക്കകം ഇത് മുഴുവൻ വായിച്ചിട്ട് ഭേദഗതി കൊടുക്കണമെന്ന് പറയുന്നത് സാധ്യമല്ല. ബുദ്ധിയുള്ള ആളുകൾ ചട്ടങ്ങൾക്ക് നേതൃത്വം കൊടുത്താണ്, ഭേദഗതികൾ നൽകുന്നതിന് നിയമസഭാ സമാജികന്മാർക്ക് 2 ദിവസം സമയം തന്നത്. അത് അങ്ങ് ഏകപക്ഷീയമായി......

മി. സ്പീക്കർ: ഇന്ന് മൂന്ന് മണി വരെയാണ് ആദ്യം സമയം അനുവദിച്ചിരുന്നത്. അത് നാളെ 11 മണിവരെയാക്കി. അതുംപോരെങ്കിൽ നാളെ ഉച്ചയ്ക്ക് 2.00 മണിവരെ സമയം നീട്ടുന്നു.

## ചട്ടം 211-ന്റെ ലംഘനം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാനൊരു പ്രശ്നം ഇവിടെ ഉന്നയിക്കുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ (211) അനുസരിച്ചും നിയമസഭാ നടപടി ചട്ടം 284(1), 284(5) എന്നിവ പ്രകാരവുമാണ്. കഴിഞ്ഞ വെള്ളിയാഴ്ച അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ട് ഒരു അടിയന്തര പ്രമേയം

അവതരിപ്പിച്ച സന്ദർഭത്തിൽ ഹൈക്കോടതി ജഡ്ജി മുമ്പാകെ പരിഗണനയിലുള്ള കേസ്സിന്റെ വിശദാംശങ്ങൾ ഈ സഭയിൽ മുഖ്യമന്ത്രി പരാമർശിക്കുന്ന സ്ഥിതിയുണ്ടായി. ഇത് ഒരു അസാധാരണമായ നടപടി ക്രമമാണ്. കേസ്സിന്റെ വിചാരണ വേളയിൽ ജഡ്ജി പറഞ്ഞ കാര്യങ്ങൾക്ക് സഭയിൽ കൂടി മറുപടി പറയുകയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്തിരിക്കുന്നത്. ആർട്ടിക്കിൾ (211) പ്രകാരം, ഹൈക്കോടതി ജഡ്ജിയുടെ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിലുള്ള അദ്ദേഹത്തിന്റെ പെരുമാറ്റത്തെപ്പറ്റി സംസ്ഥാനത്തിന്റെ നിയമ നിർമ്മാണ മണ്ഡലത്തിൽ യാതൊരു ചർച്ചയും ഉണ്ടാകാൻ പാടില്ല. ഭരണഘടനയുടെ ഈ ആർട്ടിക്കിളിന് വിരുദ്ധമായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേസ്സിന്റെ മെരിറ്റിലേയ്ക്ക് കടന്ന് സംസാരിച്ചത്. മുഖ്യമന്ത്രി സഭാനേതാവ് കൂടിയാണ്. സഭാചട്ടം 284(1) പ്രകാരം കോടതി മുമ്പാകെയുള്ള ഒരു കേസ്സിന്റെ വസ്തുതകൾ സഭയിൽ ചർച്ച ചെയ്യാൻ പാടില്ലെന്ന് വ്യക്തമായ വ്യവസ്ഥകളുണ്ട്. മുഖ്യമന്ത്രിയാണ് അതിവിടെ ലംഘിച്ചിരിക്കുന്നത്. ഹൈക്കോടതി പരിഗണിച്ച കേസ്, അഡ്വക്കേറ്റ് മദ്യപിച്ചോ എന്നുള്ളത് ജഡ്ജിയുമായി മാത്രം ബന്ധപ്പെട്ട പ്രശ്നമാണ്. അതുസംബന്ധിച്ച കേസ്സിന്റെ മെരിറ്റിൽ കോടതി സ്വീകരിച്ച നിലപാടിനെക്കുറിച്ച് മുഖ്യമന്ത്രി സഭയുടെ അധികാരം ഉപയോഗിച്ചുകൊണ്ട് മറുപടി പറഞ്ഞിരിക്കുന്നുവെന്നുള്ളതാണ്

ഇവിടത്തെ പ്രശ്നം. സഭാചട്ടം 284(5) പ്രകാരം സബ്സ്റ്റാന്റീവ് മോഷന്റെ അടിസ്ഥാനത്തിലല്ലാതെ ഉന്നത സ്ഥാനത്തിരിക്കുന്ന ആളിനെപ്പറ്റി ചർച്ച ചെയ്യാൻ അനുവാദമില്ല. അത്തരത്തിലുള്ള സബ്സ്റ്റാന്റീവ് മോഷന്റെ അടിസ്ഥാനത്തിലുള്ള ചർച്ചയല്ല അന്നിവിടെ നടന്നത്. അന്നേദിവസം നടന്നത്, അടിയന്തരപ്രമേയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസുമായി ബന്ധപ്പെട്ട വിഷയത്തിലുള്ള ചർച്ചയാണ്. ആ ചർച്ചയിൽ ഹൈക്കോടതി ജഡ്ജിയെ പോലെ ഉന്നതസ്ഥാനം വഹിക്കുന്ന ആളിനെക്കുറിച്ച് മുഖ്യമന്ത്രി വ്യക്തിഹത്യ നടത്തിയത് തെറ്റായ നടപടിയാണ്. വന്നവഴി മറക്കരുത് എന്ന് ഒരു ജഡ്ജിയോട് പറഞ്ഞാൽ, ജഡ്ജി വന്നവഴി മെരിറ്റിൽ കൂടിയാണ്. ഈ ജഡ്ജി മെരിറ്റിൽ കൂടിയല്ല വന്നതെന്നാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ദേശിച്ചത്. അങ്ങനെയാണെങ്കിൽ ജഡ്ജിയെ നിയമിച്ചത് ഹൈക്കോടതിയാണ്. ഹൈക്കോടതി കൊളീജിയം ശിപാർശ ചെയ്ത് രാഷ്ട്രപതി നിയമിച്ചതാണ്. അപ്പോൾ രാഷ്ട്രപതിക്കെതിരെ കൂടിയുള്ള പരാമർശമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയുടെ അധികാരം ഉപയോഗിച്ചുകൊണ്ട് നടത്തിയിട്ടുള്ളത്. ഈ സഭയിൽ അംഗങ്ങളുടെ പ്രസംഗത്തിന് ആർട്ടിക്കിൾ (194) പ്രകാരം പ്രിവിലേജുണ്ട്. അതൊരിക്കലും ആർട്ടിക്കിൾ (211)-ന് എതിരാകാൻ പാടില്ല. ആർട്ടിക്കിൾ 211-ന് വിധേയമായിട്ടാണ് നമുക്ക് ഇവിടെ ലഭിച്ചിട്ടുള്ള എല്ലാ

അധികാരങ്ങളും. സഭാനേതാവിന്റെ ഭാഗത്തുനിന്നും ഉണ്ടായ നിരുത്തരവാദപരമായ സമീപനമാണിത്. ഇങ്ങനെയൊരു പരാമർശം ഹൈക്കോടതിയെക്കുറിച്ച് വന്നാൽ ........

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഇടയ്ക്കൊന്ന് പറഞ്ഞോട്ടെ, ആർട്ടിക്കിൾ 211 അനുസരിച്ച് ആണെങ്കിൽ അടിയന്തര പ്രമേയത്തിനുള്ള നോട്ടീസ് ഇവിടെ എടുക്കാൻ പാടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആ നോട്ടീസ് ബഹുമാനപ്പെട്ട സ്പീക്കർ അംഗീകരിച്ചതാണ്.

മി. സ്പീക്കർ: അത് അംഗീകരിക്കാതിരുന്നാൽ അംഗീകരിക്കണമെന്ന ആവശ്യം നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകും. നോട്ടീസേ എടുക്കാൻ പാടില്ലായിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചത്, ഭരണഘടനാ പ്രകാരം സ്പീക്കർക്ക് യുക്തമെന്ന് തോന്നിയതും അഡ്വക്കേറ്റ് ജനറലൽ ഓഫീസിനെ സംബന്ധിച്ച് ശ്രീ. മാത്യു റ്റി. തോമസ് ഉന്നയിച്ച കാര്യവുമാണ്. ആ വിഷയത്തിന്റെ അകത്ത് നിന്ന് സംസാരിക്കുന്നതിന് പകരം അടിയന്തരപ്രമേയ വിഷയത്തിന് പുറത്ത് കടന്ന് ബഹുമാനപ്പെട്ട

ഹൈക്കോടതിയെ പരാമർശിച്ചു എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ഇതിന് സമാനമായ ഒരു പ്രശ്നം മുമ്പ് ഒറീസ്സ നിയമസഭയിൽ ഉണ്ടായിട്ടുണ്ട്. 1956-ൽ ഒറീസ്സ നിയമസഭയിൽ അന്നത്തെ മുഖ്യമന്ത്രി നബ കൃഷ്ണ ചൗധരി ഇത്തരം ഒരു പ്രശ്നത്തിൽ ജഡ്ജിയെക്കുറിച്ച് പരാമർശിച്ചു. ഇതിനെനതിരെ ഒറീസ്സ ഹൈക്കോടതി ഇടപെട്ടു. ഒറീസ ഹൈക്കോടതി ഫുൾ കോർട്ട് ചേർന്ന് ആവശ്യപ്പെട്ടത്, ആർട്ടിക്കിൾ 211-ന് വിരുദ്ധമാണെന്നും അതുകൊണ്ട് മുഖ്യമന്ത്രി നിയമസഭയിൽ തന്നെ അത് പിൻവലിക്കണമെന്നമാണ്. അന്നത്തെ ഒറീസ്സ മുഖ്യമന്ത്രിക്ക് അത് ചെയ്യേണ്ടിവന്നു. ഇവിടെ ഇതിൽ നിന്ന് വ്യത്യസ്തമായാണ് ഇത്തരത്തിലൊരു സമീപനം സ്വീകരിച്ചത്. പ്രതിപക്ഷത്തുള്ള അംഗങ്ങൾക്കും ഇത് ചൂണ്ടിക്കാണിക്കാനുള്ള ബാധ്യതയുണ്ടായിരുന്നുവെന്ന് ഒറീസ്സാ ഹൈക്കോടതി അന്നത്തെ വിധിന്യായത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇതിവിടെ ചൂണ്ടികാണിക്കുകയെന്നുള്ളത് പ്രതിപക്ഷത്തിന്റെ കടമയാണ്. ആ കടമ നിർവ്വഹിക്കാനുള്ള ബാധ്യതയുണ്ട് എന്നതുകൊണ്ടാണ് ഞാൻ ഇന്ന് ഈ പ്രശ്നം ഇവിടെ ഉന്നയിക്കുന്നത്. ഇതിനെ കടന്ന് നമ്മുടെ മറ്റൊരു മന്ത്രി ഹൈക്കോടതി ജഡ്ജിയെ വ്യക്തിപരമായിത്തന്നെ അധിക്ഷേപിച്ചു. 'ഓരിയിടുന്ന കുറുക്കൻ' എന്നൊരു ജഡ്ജിയെക്കുറിച്ച് ബഹുമാന്യനായ മന്ത്രി കെ. സി. ജോസഫ് ഇവിടെ പരാമർശിച്ചു. ഒരു

ഹൈക്കോടതി ജഡ്ജിയെക്കുറിച്ച് 'ഓരിയിടുന്ന കുറുക്കൻ' എന്ന പരാമർശം ഒരു മന്ത്രി നടത്തുന്നത് ശരിയാണോ? അങ്ങനെയൊരു പരാമർശം ബഹുമാനപ്പെട്ട മന്ത്രി നടത്തിയത് ഈ സഭയുടെ അന്തസ്സിനുതന്നെ കളങ്കം വരുത്തുന്നതാണ്.

മി. സ്പീക്കർ: ഈ സഭയിൽ അങ്ങനെയൊരു പ്രയോഗം നടത്തിയിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സഭയ്ക്ക് പുറത്തുനടത്തി. അദ്ദേഹം പാർലമെന്ററികാര്യ വകുപ്പുമന്ത്രികൂടിയാണ്. സഭയ്ക്ക് പുറത്ത് നടത്തിയ പരാമർശത്തിന് സ്വാഭാവികമായും കോടതിയലക്ഷ്യം ആരെങ്കിലും കൊടുത്തേയ്ക്കാം. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞകൂട്ടത്തിൽ അഡ്വക്കേറ്റ് ജനറൽ ഹാജരായിട്ടുള്ള എല്ലാ കേസുകളും ജയിച്ചു, ഒരു കേസിലും കോടതിയിൽ നമ്മൾ തോറ്റിട്ടില്ലെന്ന് പറഞ്ഞു. ഈ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് മുഖ്യമന്ത്രി ചെയ്തത്. പാമോയിൽ കേസ് പിൻവലിക്കാനുള്ള സർക്കാരിന്റെ തീരുമാനം കോടതിയിൽ പോയി അംഗീകരിപ്പിക്കാൻ കഴിഞ്ഞോ; എം. എം. മണി നടത്തിയ പ്രസംഗത്തിന് അയാൾക്കെതിരെ കേസ്സെടുക്കണമെന്ന് ഈ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശപ്രകാരം ചെയ്തിട്ട് സുപ്രീംകോടതി റദ്ദാക്കിയില്ലേ; ജയിപ്പിക്കാൻ കഴിഞ്ഞോ? 10 കശുവണ്ടി ഫാക്ടറികൾ സർക്കാരിന് തിരിച്ചുകൊടുക്കേണ്ടി വന്നില്ലേ; അഡ്വക്കേറ്റ് ജനറൽ കേസ് വിജയിച്ചതുകൊണ്ടാണോ

തിരിച്ചുകൊടുക്കേണ്ടി വന്നത്? അനാഥാലയങ്ങളിലെ കുട്ടികളുടെ കടത്ത് കേസ്- അഡ്വക്കേറ്റ് ജനറലും വക്കീലന്മാരും ഹാജരായിട്ട് ആ കേസ് ജയിച്ചോ? വിജിലൻസിനെ സ്വതന്ത്ര ഏജൻസിയാക്കി മാറ്റണമെന്ന് ഇതേ ജഡ്ജി പറഞ്ഞു, അത് അഡ്വക്കേറ്റ് ജനറലിനോടും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനോടും ആലോചിച്ചുകൊണ്ടാണ് അദ്ദേഹം ആ നിലപാടെടുത്തതെന്നാണ് പത്രത്തിൽ കാണുന്നത്. അതിനെതിരായി പിന്നീട് എ.ജി. ഹാജരാകേണ്ട സ്ഥിതിയുണ്ടായി. വിജിലൻസിനെ സ്വതന്ത്ര ഏജൻസിയാക്കി മാറ്റണം, അതെന്തിനാണ് നമ്മൾ എതിർക്കുന്നത്? ജസ്റ്റിസ് കെ.ടി. തോമസ് കമ്മീഷന്റെ ശിപാർശയിലുള്ളതല്ലേ; അത് സംബന്ധിച്ചൊരു സ്വതന്ത്രമായ ചർച്ചയും തീരുമാനവുമെടുക്കുന്നതിനുപകരം ഗവൺമെന്റ് മുൻവിധിയോടുകൂടിപോയി തടസ്സപ്പെടുന്ന സ്ഥിതിവിശേഷമുണ്ടായില്ലേ; ഇവിടെ എന്തോ ചീഞ്ഞുനാറുന്നുവെന്നുള്ള സ്ഥിതി കോടതിയിലുണ്ടാകാൻ ഇടയായില്ലേ? കോടതിയിൽ അങ്ങനെയൊരു നിലപാടെടുക്കുന്നതിനുമുമ്പ് ഈ നിയമസഭയിൽ ഗവൺമെന്റ് ചർച്ച ചെയ്യേണ്ടതായിരുന്നില്ലേ? ജഡ്ജിമാർക്ക് അഭിപ്രായങ്ങൾ പറയാം, ജഡ്ജിമാർക്കുള്ള അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് അവർ പറയുന്നത്. അതിനെ സംബന്ധിച്ച് എ.ജി.-യോടുകൂടി ചോദിച്ചിട്ടല്ലേ തീരുമാനമെടുത്തത്; മുല്ലപ്പെരിയാർ കേസ് - നമ്മൾ

ജയിച്ചോ; എ.ജി. അന്ന് കോടതിയിൽ പറഞ്ഞതെന്താണ്; മുല്ലപ്പെരിയാർ പൊട്ടിയാലും ഇടുക്കി ജില്ല താങ്ങിക്കോളുമെന്ന് പറഞ്ഞ സ്ഥിതിവിശേഷമിവിടെയുണ്ടായില്ലേ; അത് ജയിച്ചോ? എ.ജി.-ക്കെതിരെ കെ.പി.സി.സി. പ്രസിഡന്റ് പരസ്യമായി പറഞ്ഞില്ലേ; അതിനെക്കുറിച്ച് മുഖ്യമന്ത്രി എന്താണ് പറഞ്ഞത്? ഏതോ ഒരാൾ പറയുന്നത് കേട്ടിട്ട് പറയാൻ കഴിയില്ലായെന്നല്ലേ പറഞ്ഞത്? കരുണാ എസ്റ്റേറ്റ് കേസ് തോറ്റില്ലേ; ക്യാബിനറ്റിൽ എ.ജി.-യെ വിളിച്ചുവരുത്തേണ്ടി വന്നില്ലേ? ഭരണകക്ഷി എം.എൽ.എ.-യായ ശ്രീ. റ്റി. എൻ. പ്രതാപൻ, എ.ജി. ക്കെതിരെ പ്രസ്താവന നടത്തിയില്ലേ?

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, ദീർഘമായ പ്രസംഗത്തിലേയ്ക്ക് പോകരുത്. ഇതൊരു ക്രമപ്രശ്നം മാത്രമാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഇങ്ങനെയെല്ലാമുള്ള സാഹചര്യത്തിൽ ഇതിന് വിരുദ്ധമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുന്നവിധത്തിലുള്ള പരാമർശങ്ങൾ നടത്തിയത് അങ്ങേയറ്റം അനുചിതമായിട്ടുള്ള ഒരു കാര്യമാണ്. ഇത് ഭരണഘടനയ്ക്ക് നിരക്കാത്ത വിധത്തിലും സഭാനടപടി ചട്ടങ്ങൾക്ക് വിരുദ്ധമായ വിധത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള ഈ സമീപനം ഈ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന്

ചൂണ്ടികാണിക്കാനുള്ള ബാധ്യത പ്രതിപക്ഷത്തിനുണ്ട്. ഞാനത് നിർവ്വഹിക്കുകയാണ്. ബഹുമാനപ്പെട്ട ചെയർ അത് സംബന്ധിച്ച് പരിശോധിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ ഒരു പരാമർശവും എന്റെ ഫെയ്സ്ബുക്ക് പേജിലില്ല. അങ്ങേയ്ക്ക് നോക്കാവുന്നതാണ്. ഞാനൊരിക്കലും ഹൈക്കോടതി ജഡ്ജിയെ അങ്ങ് പറഞ്ഞതുപോലുള്ള പ്രയോഗത്തിൽ വിശേഷിപ്പിച്ചിട്ടില്ല. അതൊരു ഉപമാലങ്കാരമായിരുന്നു. തെറ്റിദ്ധാരണയുണ്ടാകുമെന്ന് കരുതി ഞാൻ ആ പരാമർശം പിൻവലിക്കുകയും ചെയ്തു. അങ്ങ് പറഞ്ഞ പ്രസ്താവന രേഖയിലുണ്ടാകുമെന്നുള്ളതുകൊണ്ട് ഞാൻ പറയുകയാണ്. ഞാനത് പറഞ്ഞിട്ടില്ല. ജഡ്ജിയെപ്പറ്റി ഞാൻ ആ വാക്ക് ഉപയോഗിച്ചിട്ടുമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ വെള്ളിയാഴ്ച സഭയിലില്ലായിരുന്നു. അതുകൊണ്ടുതന്നെ, സാധാരണ അങ്ങയിൽനിന്നും വരാത്ത വിധത്തിലുള്ള പല തെറ്റുകളാണ് വന്നിരിക്കുന്നത്. എനിക്ക് തന്ന നോട്ടീസിനകത്ത് ജസ്റ്റിസ് അലക്സാണ്ടർ ജേക്കബിനെതിരെ

പരാമർശമുന്നയിച്ചുവെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെയൊരു ജഡ്ജി അവിടെയില്ല. അലക്സാണ്ടർ തോമസ് എന്ന ജഡ്ജിയാണുള്ളത്. പിന്നെ അങ്ങ് ഞാനിവിടെ ഉദ്ധരിച്ച ഒരു വാചകം പറഞ്ഞാണ് വിമർശിച്ചത്. ഞാനതിനുനേരെ കടകവിരുദ്ധമാണ് പറഞ്ഞത്. 'വന്നവഴി മറക്കണമെന്ന് ഞാൻ പറയുന്നില്ല..' മുഴുവൻ വാചകങ്ങളും ഞാൻ പറയാം, നമുക്ക് പരിശോധിക്കാം. 'ആരുംതന്നെ ഉന്നത സ്ഥാനത്തേയ്ക്ക് പിറന്നുവീഴുന്നതല്ല, നിരന്തരമായ പരിശ്രമത്തിന്റെ ഫലമായിട്ടാണ് ഓരോരുത്തരും ഓരോ സ്ഥാനത്തെത്തുന്നത്. വന്ന വഴി മറക്കണമെന്ന് ഞാൻ പറയുന്നില്ല, എന്നാൽ എത്തിപ്പെടുന്ന സ്ഥാനത്തിന്റെ മാന്യത സംരക്ഷിക്കണം'. ഞാൻ ഇതാണ് പറഞ്ഞത്. അതു വേണമെങ്കിൽ പരിശോധിക്കാം. ഞാൻ നേരെ തിരിച്ചാണ് പറഞ്ഞത്, 'വന്ന വഴി മറക്കണമെന്ന് ഞാൻ പറയുന്നില്ല, പക്ഷെ എത്തിപ്പെടുന്ന സ്ഥാനത്തിന്റെ മഹത്വം സംരക്ഷിക്കണമെന്നാണ് പറഞ്ഞത്. .... (ബഹളം)...... അതിന്റെ അർത്ഥം മനസ്സിലാകേണ്ടവർക്ക് മനസ്സിലാകും. അങ്ങ് പാർലമെന്ററികാര്യ മന്ത്രി ശ്രീ. കെ. സി. ജോസഫെന്ന് പറഞ്ഞു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, പാർലമെന്ററി കാര്യമന്ത്രി ഞാൻ തന്നെയാണ്. ആകെ എന്റെ കയ്യിലുള്ള ഒരു വകുപ്പാണിത്. അതുകൂടി എടുത്തു കളയരുത്. അതുമാത്രമെ പറയുന്നുള്ളൂ. ഇവിടെ ഈ പ്രശ്നമുന്നയിച്ചത് ഞങ്ങളല്ല. അങ്ങ് പറയുന്നത് കേട്ടാൽ

തോന്നും, ഞാൻ ഏതാണ്ട് റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റ്മെന്റ് നടത്തിയെന്ന്. ഞങ്ങളല്ല, ശ്രീ. മാത്യു റ്റി. തോമസാണ് ഈ പ്രശ്നമുന്നയിച്ചത്. അങ്ങനെയൊരു പ്രശ്നമുന്നയിച്ചാൽ ഞാൻ മറുപടി പറയണ്ടേ, എന്തെല്ലാം കാര്യങ്ങൾ പറഞ്ഞു. അങ്ങ് ഇവിടെ ഇല്ലാതിരുന്നതുകൊണ്ടാണ്. എല്ലാ കാര്യങ്ങളെക്കുറിച്ചും പറഞ്ഞു, നോട്ടീസിലില്ലാത്ത കാര്യത്തെക്കുറിച്ചും പറഞ്ഞു. എഴുതിത്തന്ന നോട്ടീസ് മുഴുവൻ നോക്കിയിട്ടും കാണാത്ത കാര്യവും അങ്ങേയ്ക്കെതിർപ്പുള്ള കാര്യവും പറഞ്ഞു. അറ്റോർണി ജനറൽ അവിടെ ഹാജരായതിനെക്കുറിച്ച് അതിനോട് യോജിപ്പില്ലാത്ത വിധത്തിലുള്ള നോട്ടീസ് അങ്ങ് എനിക്ക് തന്നു. പക്ഷെ അന്ന് സഭ നടക്കാത്തതുകൊണ്ട് അങ്ങിവിടെ ഉന്നയിച്ചില്ല. ആ കാര്യവും ശ്രീ. മാത്യു റ്റി. തോമസ് പറഞ്ഞു. ഞങ്ങൾ മറുപടി പറയണ്ടേ, ഇപ്പോൾ അങ്ങ് നോട്ടീസ് നൽകിയ കാര്യം ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞപ്പോൾ അങ്ങ് സ്പീക്കറെ പ്രതിയാക്കാനാണ് ശ്രമിച്ചത്. അപ്പോൾ നോട്ടീസ് കൊടുത്തതിനകത്ത് തെറ്റില്ല, മറുപടി പറഞ്ഞതിനകത്ത് തെറ്റ്, അല്ലെങ്കിൽ ഇത് അനുവദിച്ച ചെയറിന്റെ ഭാഗത്തുനിന്നുള്ള തെറ്റെന്ന് പറയാൻ പറ്റുമോ? ഇതുസംബന്ധിച്ച് വ്യക്തമായ ഒരു സമീപനമാണ് ഗവൺമെന്റിനുള്ളത്. ഞങ്ങളൊരിക്കലും ജുഡീഷ്യറിക്കെതിരല്ല. വിധി അനുകൂലമാകുമ്പോൾ കയ്യടിക്കുകയും വിധി എതിരാകുമ്പോൾ ഇവിടെനിന്ന്

നാട്ടുകടത്തുകയും ചെയ്യുന്ന ശൈലി ഞങ്ങൾക്കില്ല. ഞങ്ങൾ കോടതിവിധിയെ മാനിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പാമൊലിൻ കേസിൽ അങ്ങയുടെ പങ്ക് അംഗീകരിക്കണമെന്ന് പറഞ്ഞ ജഡ്ജി പാക്കിസ്ഥാനിലേയ്ക്ക് പോകണമെന്ന് പറഞ്ഞ ആൾ അങ്ങയുടെകൂടെത്തന്നെയല്ലേ അന്നുണ്ടായിരുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ആരാണ് പറഞ്ഞത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അന്നത്തെ നിങ്ങളുടെ ചീഫ് വിപ്പ്. അതിനെതിരായി ഒരു പ്രസ്താവനയെങ്കിലും അങ്ങേയ്ക്ക് കൊടുക്കാൻ സാധിച്ചോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇപ്പോൾ മനസ്സിലായല്ലോ. .......(ബഹളം) ..........

മി. സ്പീക്കർ: യെസ്.....യെസ്.....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ജുഡീഷ്യറിയും ഗവൺമെന്റുമായി ഒരു ഭിന്നതയുമില്ല. ജുഡീഷ്യറിക്ക് പൂർണ്ണമായ മാന്യതയും പൂർണ്ണമായ അംഗീകാരവും കൊടുത്തുകൊണ്ടുമാത്രമെ ഗവൺമെന്റ് മുമ്പോട്ട് പോകുകയുള്ളൂ. ഇത് ഗവൺമെന്റും ജുഡീഷ്യറിയും തമ്മിലുള്ള അഭിപ്രായവ്യത്യാസമായി ആക്കാൻ ശ്രമിച്ചാൽ അതൊരിക്കലും നടക്കില്ല. ഞാൻ മറുപടി പറഞ്ഞത് രണ്ടുമൂന്നു കാര്യങ്ങൾക്കാണ്. സർക്കാരിന്റെ അഭിഭാഷകരെല്ലാം ചില സ്ഥാപിത താല്പര്യക്കാരുടെ

പ്രതിനിധിയാണ് എന്ന് ഇറന്നടിച്ചു പറഞ്ഞു. ഏതെങ്കിലുമൊരു കേസിന്റെ അടിസ്ഥാനത്തിലാണോ ആ പരാമർശം വന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഈ സ്ഥാനത്ത് നിങ്ങളായിരുന്നുവെങ്കിൽ നിങ്ങൾ എന്തുചെയ്യുമായിരുന്നു? നിങ്ങൾ ഒരു കേസിനിടയിൽ ഒരു അഭിഭാഷകനെക്കുറിച്ച് അഭിപ്രായം പറയുകയാണെങ്കിൽ അത് ശരിയാണോയെന്ന് ഞങ്ങൾ തീർച്ചയായും പരിശോധിക്കും. ഞങ്ങളൊരിക്കലും മറ്റൊരു കാര്യത്തിനുപോകില്ല. പക്ഷെ സർക്കാരിന്റെ 120 അഭിഭാഷകരും ഇവിടത്തെ മദ്യലോബിയുടെ ആൾക്കാരാണെന്ന് പറഞ്ഞാൽ അവരെ സംരക്ഷിക്കാനുള്ള ബാധ്യത ഗവൺമെന്റിനുണ്ട്. അത് ഞാൻ നിറവേറ്റി. നാളെയും നിറവേറ്റും. അത് ജഡ്ജിയോടുള്ള എതിർപ്പോ അപമാനിക്കലോ ഒന്നുമല്ല. അത് ഈ സ്ഥാനത്തിരിക്കുന്ന ഒരാൾ കാണിക്കേണ്ട സാമാന്യ മര്യാദ മാത്രമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് രണ്ടാമത് പറഞ്ഞത്, അഡ്വക്കേറ്റ് ജനറൽ ഓഫീസ് അടച്ചുപൂട്ടണമെന്നതിനെക്കുറിച്ചാണ്. ഒരു ഭരണഘടനാ സ്ഥാപനം മറ്റൊരു ഭരണഘടനാ സ്ഥാപനം അടച്ചുപൂട്ടണമെന്ന് പറയുകയാണ്. കേസുമായി ബന്ധപ്പെട്ട പ്രശ്നമാണോ? ഏത് കേസാണ് പരിഗണിച്ചത്; അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട കേസാണോ പരിഗണിച്ചത്; അതൊരു ജഡ്ജി പറയാമോ? അങ്ങനെ പറയുന്നതുകേട്ടുകൊണ്ട് ഇവിടെയിരിക്കണമെന്നു പറഞ്ഞാൽ അങ്ങനെയൊരു

മുഖ്യമന്ത്രിയല്ല ഞാൻ എന്നുപറയാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഒരാളേയും അപമാനിക്കാൻ ചെയ്തതല്ല. ഒരിക്കലും ചെയ്യുകയുമില്ല. പക്ഷെ അഡ്വക്കേറ്റ് ജനറൽ ഓഫീസ് അടച്ചുപൂട്ടണമെന്ന് പറഞ്ഞാൽ അതുകേട്ടുകൊണ്ടിരിക്കാൻ സാധിക്കുമോ? അങ്ങനെ പറയുന്നത് ശരിയാണോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഒരു ജഡ്ജി തെറ്റായിട്ടൊരു കാര്യം ചെയ്താൽ ജുഡീഷ്യറിയിൽത്തന്നെ അതിന് വ്യവസ്ഥകളില്ലേ. ഡിവിഷൻ ബഞ്ചിനെ സമീപിക്കുന്നതിനുപകരം ഇത്തരത്തിലൊരു നിലപാട് സ്വീകരിക്കുന്നത് ജുഡീഷ്യറിക്കെതിരായിട്ടുള്ള എക്സിക്യൂട്ടീവിന്റെ കയ്യേറ്റമായി മാറില്ലേ?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഈ പരാമർശമുണ്ടായതിനുശേഷം പത്രക്കാർ എന്നോട് ചോദിച്ചിട്ട് ഒരക്ഷരം ഞാൻ പറഞ്ഞില്ല. പക്ഷെ നിയമസഭയിൽ പ്രതിപക്ഷ<u>ത്തു</u>നിന്ന് ഇങ്ങനെയൊരു പ്രശ്നം ഉന്നയിച്ചിട്ട് ഞാൻ മിണ്ടാതിരുന്നാൽ എന്നെക്കുറിച്ച് നിങ്ങൾ എന്തുധരിക്കും എന്നുമാത്രമെ എനിക്ക് പറയാനുള്ളൂ.

<u>ശ്രീ. മാത്യൂ റ്റി. തോമസ്</u>: സർ, ഒന്നാമത്തെ വിഷയം, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിന് വിരുദ്ധമായി ഞാൻ സഭയിൽ പറഞ്ഞുവെന്ന് അങ്ങ് പറഞ്ഞത് വാസ്തവവിരുദ്ധമാണ്. അഡ്വക്കേറ്റ് ജനറൽ ഓഫീസ് നന്നായി നടത്താൻ

കഴിയാത്ത മുഖ്യമന്ത്രിക്ക് അറ്റോർണി ജനറലിനെ വിമർശിക്കാൻ എന്ത് അവകാശമെന്ന് ജഡ്ജി ചോദിച്ചുവെന്നത് ഞാനിവിടെ പരാമർശിച്ചു. പക്ഷെ ഇപ്പോഴുള്ള പ്രശ്നം അതല്ല. അടിയന്തരപ്രമേയത്തിന് ഞങ്ങൾ കൊടുത്ത നോട്ടീസ്, ഹൈക്കോടതി ജഡ്ജിയുടെ പരാമർശം നടന്നതിനുശേഷം അഡ്വക്കേറ്റ് ജനറലും മറ്റ് ആളുകളും ആ ജഡ്ജിയുടെ ചേമ്പറിൽ ചെന്നിരിക്കുന്നു, ഇറങ്ങിപ്പോകുന്നു, ചീഫ് ജസ്റ്റിസിനെ കാണുന്നു. മുഖ്യമന്ത്രി പറയും, എന്നുപറഞ്ഞതിനുശേഷം ഈ അഡ്വക്കേറ്റ് ജനറലിനെ ഞങ്ങൾക്ക് പൂർണ്ണ വിശ്വാസമുണ്ട്, അദ്ദേഹം കാര്യക്ഷമമായ രീതിയിലാണോ പ്രവർത്തിക്കുന്നതെന്ന് വസ്തുതാപരമായി പരിശോധന നടത്താതെ മുഖ്യമന്ത്രി ഒരു പ്രതികരണം നടത്തിയതായിരുന്നു അടിയന്തരപ്രമേയത്തിന്റെ വിഷയം. അങ്ങ് സഭയ്ക്ക് പുറത്തുവച്ചുതന്നെ ഹൈക്കോടതി ജഡ്ജിയുടെ പരാമർശങ്ങൾക്ക് അഞ്ചുമിനിട്ടിനുള്ളിൽ പ്രതികരണം നടത്തി. ആ പ്രതികരണത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, അറ്റോർണി ജനറലിനെ വിമർശിക്കാൻ മുഖ്യമന്ത്രി ആരാണെന്നാണ് ജഡ്ജി ചോദിച്ചത്. ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ഞാൻ ചോദിക്കുകയാണ്, അതിനോട് അങ്ങേയ്ക്ക് യോജിപ്പില്ലല്ലോ? അങ്ങ് എനിക്ക്

നോട്ടീസ് തന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അറ്റോർണി ജനറൽ കേരള ഗവൺമെന്റിനുവേണ്ടി സുപ്രീംകോടതിയിൽ ഹാജരാകുന്നതിനോട് ഞങ്ങൾക്ക് ഒരിക്കലും വിയോജിപ്പില്ല. ഇതേ അറ്റോർണി ജനറലിനോടാണ് ശ്രീ. കെ. എം. മാണിയെ രക്ഷിക്കാൻവേണ്ടിയുള്ള നിയമോപദേശം അങ്ങ് തേടിയതെന്ന കാര്യം മറന്നുപോയോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഓരോരുത്തരുടെയും നടപടികളെയാണ് നമ്മൾ കാര്യമാക്കേണ്ടത്. ഭരണഘടനയുടെ ഡയറക്ടീവ് പ്രിൻസിപ്പിൾസ് അനുസരിച്ച് ഒരു സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ ബാധ്യതയുള്ളൊരു ഉത്തരവാദിത്തം നിറവേറ്റുമ്പോൾ അറ്റോർണി ജനറൽ സംസ്ഥാന ഗവൺമെന്റിനെതിരായി ബാർ ഉടമകൾക്കുവേണ്ടി ഹാജരായതിനെ ഞാൻ വിമർശിച്ചത് തെറ്റാണോ? നിയമസഭയിൽ നമ്മൾ ഇവിടെയും അവിടെയും മാറിമാറിയിരിക്കും. പക്ഷെ ഏത് സ്ഥാനത്തായാലും ചില ശരിയും തെറ്റും നമ്മൾ തിരിച്ചറിയണം. അതിനകത്ത് ഭരണകക്ഷിയും പ്രതിപക്ഷവുമില്ല. അതാണ് ജനങ്ങൾ നോക്കുന്നത്. അതിൽ നീതിയുടെ, ന്യായത്തിന്റെ, മര്യാദയുടെ സാമാന്യ നടത്തിപ്പ് എന്നൊക്കെയുള്ള കാര്യങ്ങളുണ്ട്. ഞാൻ ചോദിക്കുന്നത്, നിങ്ങൾ അതിനോട്

യോജിക്കുന്നുണ്ടോയെന്നാണ്. ഇല്ലല്ലോ. അപ്പോൾ ഞാൻ അതിനെക്കുറിച്ച് പ്രതികരിച്ചു. ഞാൻ ചെയ്തത് ശരിയാണ്, എനിക്ക് പറയാൻ അവകാശമുണ്ട്. ഇത് നാളെയും ഞാൻ ആവർത്തിക്കും. ഞാൻ പ്രധാനമന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. ആ കത്ത് കിട്ടിയെന്നു പറഞ്ഞുകൊണ്ട് അദ്ദേഹം അയച്ച കത്ത് ഇന്നലെ എനിക്ക് കിട്ടി. അതുസംബന്ധിച്ച് എന്തു നടപടിയെടുക്കുമെന്ന് കാത്തിരിക്കുകയാണ്. അറ്റോർണി ജനറൽ എന്നത് ഭരണഘടനാ പദവിയാണ്. കേന്ദ്ര ഗവൺമെന്റിന്റേതാണ് അറ്റോർണി ജനറൽ എങ്കിലും ഇന്ത്യൻ യൂണിയൻ എന്നുപറയുന്നത് നമ്മുടെ ഭരണഘടനതന്നെയാണ്. നമ്മുടെ ഫെഡറൽ സിസ്റ്റത്തിൽ അതിനെക്കുറിച്ച് വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. ഇന്ത്യൻ യൂണിയനിൽ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഉൾപ്പെടും. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഉൾപ്പെട്ട യൂണിയൻ ഗവൺമെന്റിന്റെ അറ്റോർണി ജനറൽ, ഇന്ത്യൻ ഭരണഘടനയുടെ ഡയറക്ടീവ് പ്രിൻസിപ്പിൾസ് അനുസരിച്ച് ഒരു സംസ്ഥാന ഗവൺമെന്റ് പ്രവർത്തിക്കുമ്പോൾ അതിനെതിരെ ഇടപെടുന്നു. കേന്ദ്രത്തിനെതിരെയുള്ളൊരു കേസിലാണെങ്കിൽ ഞാനിത് പറയില്ല. ഇത് ഭരണഘടനാപരമായ ബാധ്യത നിറവേറ്റുന്ന ഒരു സംസ്ഥാന ഗവൺമെന്റിന്റെ നയത്തിനെതിരെ ഇന്ത്യൻ യൂണിയന്റെ അറ്റോർണി ജനറൽ.... അത് ഭരണഘടനാ

സ്ഥാപനമാണ്. ആ സ്ഥാപനമാണ് ഈ സ്റ്റേറ്റിനെതിരെ ഹാജരായത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഫെഡറൽ ഘടന നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് ഭരണഘടനാ സ്ഥാപനമായ അറ്റോർണി ജനറൽ സംസ്ഥാനത്തിന് എതിരായി ഹാജരായത് ഏറ്റവും തെറ്റായ നടപടിയാണ്. എന്നാൽ അദ്ദേഹം ഹാജരായതിനെത്തുടർന്ന് പത്രത്തിൽ വന്ന വാർത്ത 'കേന്ദ്രമന്ത്രിയുടെ അംഗീകാരം വാങ്ങിയിട്ടാണ് ഞാൻ കോടതിയിൽ കേസ് വാദിച്ചത് ' എന്നായിരുന്നു. അങ്ങനെയാണെങ്കിൽ അത് ഗുരുതരമായ പ്രശ്നമാണ്. കേന്ദ്ര ഗവൺമെന്റ് അംഗീകാരത്തോടുകൂടി എങ്ങനെയാണ് ഒരു അറ്റോർണി ജനറലിന് വാദിക്കാൻ സാധിച്ചത്. അറ്റോർണി ജനറൽ എടുത്ത നടപടി മന്ത്രിസഭയോട് ചോദിച്ചിട്ടാണെങ്കിൽ അതിനെക്കാൾ ഗുരുതുരമായ പ്രശ്നമല്ലേ? അതിനെ സംബന്ധിച്ച് അങ്ങ് അന്വേഷിച്ചിട്ടുണ്ടോ, മാത്രമല്ല 28-ാം തീയതി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ കേസ് വരുമ്പോൾ ഇദ്ദേഹം തന്നെ ബാറുടമകളുടെ അഭിഭാഷകനായി നിൽക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള ഒത്തുകളിയല്ലാതെ ഇങ്ങനെ സംഭവിക്കാനിടയുണ്ടോ? അങ്ങ് അതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അറ്റോർണി ജനറലിന്റെ ആ

പ്രതികരണത്തിനെതിരെയും ഞാൻ പ്രതികരിച്ചിട്ടുണ്ട്. 'കേന്ദ്ര നിയമ മന്ത്രിയുടെ അനുമതിയോടുകൂടിയാണ് ഞാൻ ഹാജരായത് ' എന്ന് പറഞ്ഞത് ശരിയാണെങ്കിൽ കാര്യത്തിന്റെ കിടപ്പ് ഇതിനെക്കാൾ ഗുരുതരമാണ് എന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. 28-ാം തീയതി നമുക്ക് കാണാം, കാത്തിരിക്കുകയാണ്. ഇത്രയും വലിയ ലംഘനം. അറ്റോർണി ജനറൽ ഹാജരായതിനോട് യോജിപ്പില്ലെന്ന് ഇപ്പോൾ അങ്ങ് തന്നെ സമ്മതിച്ചു, നല്ല കാര്യം. അതിനെയാണ് അലക്സാണ്ടർ തോമസ് ക്വസ്റ്റ്യൻ ചെയ്തത്. ആ സാഹചര്യത്തിൽ അതിനെക്കുറിച്ച് ഞാൻ പ്രതികരിച്ചു. ഞാൻ പറഞ്ഞു, ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു, ഞാൻ അതു തന്നെ നാളെയും ആവർത്തിക്കുമെന്ന് പറഞ്ഞു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞാൻ ഉന്നയിക്കുന്ന പ്രശ്നം, ബഹുമാനപ്പെട്ട ഹൈക്കോടതി പരിഗണിച്ചുകൊണ്ടിരിക്കുന്ന കേസിന്റെ മെറിറ്റിലേയ്ക്ക് അങ്ങ് കടന്നു സംസാരിച്ചുവെന്നാതാണ് എന്റെ പോയിന്റ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഞാൻ മെറിറ്റിലേയ്ക്ക് കടന്നിട്ടേയില്ല. പക്ഷെ അവിടെ നടത്തിയ പരാമർശം എനിക്ക് പ്രതിയെ അറിയാമെന്ന് പറഞ്ഞപ്പോൾ ഒരു സാമാന്യ മര്യാദ ഇന്ന് നമ്മുടെ ജുഡീഷ്യറിയിൽ നിലനിൽക്കുന്നത് അറിയാവുന്ന കേസിൽ ഹാജരാകാതിരിക്കുകയാണ്, അത് ചെയ്തില്ലല്ലോ എന്നാണ് പറഞ്ഞത്.

ഞാൻ കോടതിയെ അപമാനിക്കാൻ ഒന്നും തന്നെ പറഞ്ഞില്ല. ഞാൻ പേരുപോലും പരാമർശിച്ചില്ല. പേര് പറയിപ്പിക്കാൻ പല ശ്രമങ്ങൾ നടത്തിയിട്ടും ഞാൻ പറഞ്ഞില്ല. ഇക്കാര്യങ്ങളിൽ ഞാൻ എടുത്ത നിലപാട് തികച്ചും ശരിയാണ്. സ്റ്റേറ്റിന്റെ താത്പര്യം, ജനങ്ങളുടെ താത്പര്യം അതുമാത്രമാണ് പ്രകടിപ്പിച്ചത്.